# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 7501

14.07.2014 -ൽ മറുപടി നൽകേണ്ടത്

### ജനന രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി** |
| (എ) ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ ജനന രേഖകളിൽ ആശുപത്രിയിൽ വച്ചും, രജിസ്ട്രേഷൻ ഓഫീസിൽ വച്ചും ഉണ്ടാകുന്ന പിശകുകൾ തിരുത്തിക്കിട്ടാനുള്ള തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലയാളത്തിൽ നിന്നു ഇംഗ്ലീഷിലാക്കുമ്പോഴുള്ള വ്യത്യാസം തിരുത്താൻ പോലും നിരവധി രേഖകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) ഉണ്ട്. 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15, 1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം വസ്തുതാപരമായ ഏതൊരു തെറ്റുകളും രജിസ്ട്രാർക്ക് തന്നെ തിരുത്താവുന്നതാണ്. ചീഫ് രജിസ്ട്രാറുടെ 08-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിൽ മേൽ വിഷയം സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ജനന-മരണ രജിസ്ട്രേഷൻ നിയമം പ്രാബല്യത്തിൽ വന്ന ശേഷം 01-04-1970-ന് ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിനോ റദ്ദാക്കുന്നതിനോ രജിസ് ട്രാർമാർ തന്നെ തീരുമാനമെടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ ഒപ്പമുള്ളയാൾ പറഞ്ഞുകൊടുക്കുന്ന വിവരങ്ങളിൽ ഉണ്ടാകുന്ന നിസ്സാര പിശകുകൾ പില്ക്കാലത്ത് തിരുത്തിക്കിട്ടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ ; | (ബി) 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15, 1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം വസ്തുതാപരമായ ഏതൊരു തെറ്റുകളും രജിസ്ട്രാർക്ക് തന്നെ തിരുത്താവുന്നതാണ്.<br><br>**അപേക്ഷ സമർപ്പിക്കേണ്ടത് :** തദ്ദേശ രജിസ്ട്രാർക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) |

**സമർപ്പിക്കേണ്ട രേഖകൾ** : 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, ജനനം റിപ്പോർട്ട് ചെയ്യപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ, വീട്ടിൽ വച്ചു നടന്ന ജനനങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലും പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്), വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം), സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്, വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്തലുകൾക്ക്), മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം) ഫീസ് അടയ്ക്കേണ്ടതില്ല.

(സി) **പേര്, സ്ഥലപ്പേര്, വീട്ടുപേര്, അച്ഛന്റെയോ, അമ്മയുടേയോ പേര് എന്നിവ അപൂർണ്ണമായോ** തെറ്റായോ രേഖപ്പെടുത്തിയാൽ, അതു തിരുത്തിക്കിട്ടാനുള്ള നടപടിക്രമവും **സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച** വിശദവിവരം നൽകുമോ ;

(സി) ഈ വിഷയം സംബന്ധിച്ച് 31-05-2013 -ലെ 50187/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമാണ് തിരുത്തലുകൾ നടത്തേണ്ടത്.

**അപേക്ഷ സമർപ്പിക്കേണ്ടത്** : തദ്ദേശ രജിസ്ട്രാർക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി)

**സമർപ്പിക്കേണ്ട രേഖകൾ** : 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ, ജനനം റിപ്പോർട്ട് ചെയ്യപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ, വീട്ടിൽ വച്ചു നടന്ന ജനനങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലും പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്), വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, (പേര്, വിലാസം എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം), സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്,

ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്, വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്തലുകൾക്ക്), മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം) ഫീസ് അടയ്ക്കേണ്ടതില്ല.

(ഡി) ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത പ്രായമായ അച്ഛന്റെയോ, അമ്മയുടേയോ സ്കൂൾ സർട്ടിഫിക്കറ്റിനു പകരം എന്തൊക്കെ രേഖകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവർ ഇതു സംബന്ധിച്ച് സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലായെങ്കിൽ അപേക്ഷകന് തന്നെ ഇതു സംബന്ധിച്ച സത്യവാങ്മൂലം നൽകാവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെങ്കിൽ പേരു തെളിയിക്കുന്ന മറ്റു രേഖകളായ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും പരഗണിച്ച് തിരുത്തൽ വരുത്താവുന്നതാണ്.

(ഇ) സ്കൂളിൽ പഠിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്താൻ ആർക്കെങ്കിലും അധികാരം നൽകിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വയം സാക്ഷ്യപ്പെടുത്താൻ അനുമതി നൽകി ബുദ്ധിമുട്ട് ഒഴിവാക്കുമോ ?

(ഇ) സ്കൂളിൽ പഠിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്താൻ ആർക്കും അധികാരം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്വയം സാക്ഷ്യപത്രമാണ് സാധാരണയായി സ്വീകാര്യമായിട്ടുള്ളത്.

Vijeena

സെക്ഷൻ ഓഫീസർ